# നിരായുധീകരണവും നിർവ്യാപനവും സംബന്ധിച്ച ഇന്ത്യ-കൊറിയ സംഭാഷണം

ഏപ്രിൽ 26, 2024

നിരായുധീകരണവും നിർവ്യാപനവും സംബന്ധിച്ച ഇന്ത്യ-കൊറിയ സംഭാഷണം 2024 ഏപ്രിൽ 26-ന് സോളിൽ നടന്നു. ആണവ, രാസ, ബയോളജിക്കൽ രംഗങ്ങളുമായി ബന്ധപ്പെട്ട നിരായുധീകരണത്തിന്റെയും നിർവ്യാപനത്തിന്റെയും മേഖലയിലെ സംഭവവികാസങ്ങളും പ്രാദേശിക നിർവ്യാപന പ്രശ്നങ്ങളും ബഹിരാകാശ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങളും സൈനിക രംഗത്തെ എഐ ഉൾപ്പെടെയുള്ള പരമ്പരാഗത ആയുധങ്ങളും ബഹുമുഖ കയറ്റുമതി നിയന്ത്രണ വ്യവസ്ഥകളും ഇരു വിഭാഗവും ചർച്ച ചെയ്തു.

ഇന്ത്യൻ പ്രതിനിധി സംഘത്തെ വിദേശകാര്യ മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി (നിരായുധീകരണ, അന്താരാഷ്ട്ര സുരക്ഷാ കാര്യങ്ങൾ) ശ്രീമതി മുവാൻപുയി സയ്യാവിയും കൊറിയൻ പ്രതിനിധി സംഘത്തെ കൊറിയൻ വിദേശകാര്യ മന്ത്രാലയത്തിലെ നിർവ്യാപനത്തിനും ആണവ കാര്യങ്ങൾക്കുമുള്ള ഡയറക്ടർ ജനറൽ ശ്രീ. യോൻ ജോങ് കോപാനും നയിച്ചു.

**ന്യൂഡൽഹി**
**ഏപ്രിൽ 26, 2024**